# മഹാത്മാഗാന്ധി സർവ്വകലാശാല , കേരളം

## (സംഗ്രഹം)

ഓഫ് ക്യാമ്പസ് വിദ്യാർത്ഥികളുടെ - പ്രൊജക്റ്റ് / വൈവ നടത്തുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു- ഉത്തരവാകുന്നു

---

## സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ - III സെക്ഷൻ

സ.ഉ.നം.339/ഇഎം I/ 2 / പരാതികൾ 2 / 2018 തീയതി, പ്രിയദർശിനി ഹിൽസ്, 24.01.2019

---

പരാമർശം (1) 07.03.2018 ലെ സ .ഉ . നം 2429/എസ്. എ 3/1/195/2018

(2) 18.12.2018-ൽ കൂടിയ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ യോഗനടപടി ക്രമങ്ങളുടെ ചുരുക്കം ഇനം.നം.182318

### ഉത്തരവ്

2014 -ൽ ഓഫ് ക്യാമ്പസ് പഠന കേന്ദ്രങ്ങൾ നിർത്തിയതിനെത്തുടർന്നു സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴി യുജി / പി ജി പ്രോഗ്രാമുകൾക്ക് രജിസ്റ്റർ ചെയ്തിരുന്ന വിദ്യാർഥികൾക്കു പാഠ്യക്രമത്തിന്റെ ഭാഗമായ പ്രൊജക്റ്റ് / വൈവ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം എന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാർഥികളിൽനിന്നു അപേക്ഷകൾ ലഭിക്കുകയുണ്ടായി.

പരാമർശം (1) പ്രകാരം പ്രൊജക്റ്റ് / വൈവ തുടങ്ങിയവ ആവശ്യമായിട്ടുള്ള ഓഫ് ക്യാമ്പസ് പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ ടി വിഷയങ്ങളിലുള്ള തീരുമാനം സിൻഡിക്കേറ്റ് / അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്കു വിധേയമായിരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം 18.12.2018 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് പരീക്ഷാ ഉപ-സമിതി ടി വിദ്യാർത്ഥികളുടെ പ്രൊജക്റ്റ് മേല്നോട്ടത്തിനും മൂല്യ നിർണയത്തിനുമായി അഫിലിയേറ്റഡ് കോളേജുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകരുടെ സേവനത്തിനായി പരീക്ഷാ കൺട്രോളർ തയ്യാറാക്കുന്ന പാനലിൽ ഉൾപ്പെട്ട അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്യുകയും ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10(1 പ്രകാരം പ്രസ്തുത ശുപാർശ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

നാരായണൻ നമ്പൂതിരി. ഇ.പി

അസിസ്റ്റന്റ് രജിസ്ട്രാർ

എസ് ഡി ഇ

പകർപ്പ്:

1. വി.സി / പി.വി.സി എന്നിവരുടെ പി.എസ്
2. രജിസ്ട്രാർ / പരീക്ഷാകൺട്രോളറുടെ പി.എ.
3. എസ് ഡി ഇ I/II/III
4. എ.ആർ / ഡി.ആർ (അക്കാദമിക്)
5. ജെ.ആർ (അഡ്മിനിസ്ട്രേഷൻ II)
6. ഇ.എം സെക്ഷനുകൾ
7. ഇ.ബി സെക്ഷനുകൾ
8. എ.ആർ 11/ എ.ആർ 16 (പരീക്ഷ)
9. കണ്ടന്റ് മാനേജ്മന്റ്
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ